# CAREER Updates
# പത്രവൃത്താന്തം

**17.09.2024 (ചൊവ്വ)**



- ⇨ 2024 സെപ്തംബറിൽ ഡൽഹി മുഖ്യമന്ത്രിയായി നിയമിതയായ വനിത
- ✔ അതിഷി മർലേന
- അരവിന്ദ് കെജ്‌രിവാൾ ഡൽഹി മുഖ്യമന്ത്രി പദം രാജിവച്ച സാഹചര്യത്തിലാണ് അതിഷി മർലേന ഡൽഹി മുഖ്യമന്ത്രിയായി നിയമിതയായത്. അരവിന്ദ് കെജ്‌രിവാൾ സർക്കാരിൽ വിദ്യാഭ്യാസം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നത് അതിഷി ആയിരുന്നു.
- ഡൽഹിയുടെ മൂന്നാമത്തെ വനിതാ മുഖ്യമന്ത്രിയാണ് അതിഷി മർലേന. സുഷമ സ്വരാജ്, ഷീല ദീക്ഷിത് എന്നിവരാണ് ഡൽഹി മുഖ്യമന്ത്രി യായിട്ടുള്ള മറ്റ് രണ്ട് വനിതകൾ.

- ⇨ സ്റ്റാർട്ടപ്പ് മേഖലയിലെ സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര വാണിജ്യ മന്ത്രാലയം 2024 സെപ്തംബറിൽ ആരംഭിച്ച പുതിയ പോർട്ടൽ
- ✔ ഭാസ്കർ
- ⇨ നികുതി ഒടുക്കലടക്കമുള്ള പ്രത്യേക ഇടപാടുകൾക്ക് യു.പി.ഐ. യിലൂടെ കൈമാറാവുന്ന പരമാവധി തുക എത്ര രൂപയായാണ് ഉയർത്തിയത്?
- ✔ 5 ലക്ഷം

- ⇨ എമ്മി പുരസ്കാര വേദിയിൽ 18 പുരസ്കാരങ്ങൾ സ്വന്തമാക്കി ഒരു സീസണിൽ ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ നേടുന്ന സീരീസ് എന്ന ചരിത്ര നേട്ടം സ്വന്തമാക്കിയത്
- ✔ ഷോഗൻ
- ആദ്യ സീസണിൽത്തന്നെ 12 പുരസ്കാരങ്ങൾ നേടിയ 'ഗെയിം ഓഫ് ത്രോൺസ്' എന്ന സീരീസിന്റെ റെക്കോഡ് ആണ് 'ഷോഗൻ' മറികടന്നത്. ഭൂരിഭാഗം സംഭാഷണങ്ങളും ജാപ്പനീസ് ഭാഷയിലുള്ള 'ഷോഗൻ' മികച്ച ഡ്രാമാ സീരീസിനുള്ള എമ്മി പുരസ്കാരം സ്വന്തമാക്കുന്ന ആദ്യ ഇംഗ്ലീഷ് ഇതര സീരീസ് കൂടിയാണ്.
- ⇨ മികച്ച കോമഡി സീരീസിനുള്ള 76-ാമത് എമ്മി പുരസ്കാരം സ്വന്തമാക്കിയത്
- ✔ ഹാക്ക്സ്
- ക്രിസ്റ്റഫർ സ്റ്റോറർ സംവിധാനം ചെയ്ത അമേരിക്കൻ കോമഡി സീരീസ് 'ദ ബെയർ' മികച്ച സംവിധായകനും നടനും അടക്കം 4 എമ്മി പുരസ്കാരങ്ങൾ സ്വന്തമാക്കി. ജെറിമി അലൻ വൈറ്റ് ആണ് മികച്ച നടനുള്ള പുരസ്കാരം നേടിയത്.
- ⇨ 2024 സെപ്തംബറിൽ നടന്ന ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ രണ്ടാം സ്ഥാനം നേടിയ ഇന്ത്യൻ താരം
- ✔ നീരജ് ചോപ്ര
- 87.86 മീറ്റർ ദൂരം കണ്ടെത്തിയാണ് നീരജ് ചോപ്ര രണ്ടാം സ്ഥാനം നേടിയത്. 87.87 മീറ്റർ ദൂരം എറിഞ്ഞ ആന്റേഴ്സൺ പീറ്റേഴ്സൺ ആണ് ഒന്നാം സ്ഥാനം നേടിയത്.

CAREER GUIDANCE BUREAU


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999